

ഖുത്ബ ●

ശൈഖ് സലാഹ് ബിൻ മുഹമ്മദ് അൽ ബുദൈർ

# മാതാപിതാക്കളോടുള്ള ബാധ്യതകൾ

ഒരു മനുഷ്യന്റെ ജീവിതത്തിലെ മഹാസൗഭാഗ്യമാണ്, മാതാപിതാക്കളെ നല്ലനിലയിൽ പരിചരിച്ച്, അവരുമായി സഹവസിച്ച് അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുക എന്നത്. മാതാപിതാക്കളോടുള്ള ബാധ്യത ദൈവമാർഗത്തിലെ സമരപ്രവൃത്തികൾക്ക് തുല്യമായിട്ടാണ് പ്രവാചകൻ(സ) എണ്ണിയത്. ഒരിക്കൽ ഒരു സ്വഹാബി പ്രവാചകനോട് പറഞ്ഞു: ദൈവപ്രീതി കാംക്ഷിച്ച് അല്ലാഹുവിന്റെ മാർഗത്തിൽ ഹിജ്റ ചെയ്യുമെന്നും ജിഹാദ് നടത്തുമെന്നും ഞാൻ താങ്കളോട് പ്രതിജ്ഞ ചെയ്യുന്നു. അപ്പോൾ നബി(സ) ചോദിച്ചു: 'നിന്റെ മാതാപിതാക്കളിൽ ആരെങ്കിലും ജീവിച്ചിരിപ്പുണ്ടോ?' അയാൾ: 'ഉണ്ട് രണ്ടുപേരും ജീവിച്ചിരിപ്പുണ്ട്.' നബി(സ): 'അല്ലാഹുവിന്റെ പ്രീതി നീ കാംക്ഷിക്കുന്നുണ്ടെങ്കിൽ, മടങ്ങിചെന്ന് നിന്റെ മാതാപിതാക്കളുമായി നല്ല നിലയിൽ വർത്തിക്കുക.'

മാതാപിതാക്കളോടുള്ള അനുസരണക്കേട് ഒരു വ്യാധി കണക്കെ ഇന്ന് പടരുകയാണ്. വളരെ ഖേദകരമാണിത്. വളരെയേറെ പ്രയാസങ്ങൾ സഹിച്ച് വളർത്തി വലുതാക്കിയ മക്കൾ മാതാപിതാക്കളുടെ പ്രതീക്ഷക്കൊത്ത് ഉയരുന്നില്ല. അവരോടുള്ള നന്ദികേട് അല്ലാഹുവിന്റെ കോപത്തിനും ശിക്ഷക്കും അർഹമാക്കുന്ന കുറ്റമായിട്ടാണ് നബി(സ) പഠിപ്പിക്കുന്നത്. ഒരിക്കൽ അവിടുന്ന് പറഞ്ഞു: 'മഹാപാപങ്ങളെ കുറിച്ച് ഞാൻ നിങ്ങൾക്ക് അറിയിച്ചു തരട്ടെയോ.' ഞങ്ങൾ പറഞ്ഞു: 'അതെ.' അദ്ദേഹം പറഞ്ഞു: 'അല്ലാഹുവിന് പങ്കുകാരനെ ചേർക്കലും മാതാപിതാക്കളെ അനുസരിക്കാതിരിക്കലുമാകുന്നു.'

'വാർധക്യം ബാധിച്ച മാതാപിതാക്കളെയോ അവരിൽ ഒരാളെയോ ലഭിച്ചിട്ടും സ്വർഗത്തിൽ കടക്കാൻ കഴിയാത്തവൻ എത്ര നിന്ദ്യനാണ്!' എന്ന് നബി(സ) മറ്റൊരിക്കൽ പറഞ്ഞു. ഉയിർത്തെഴുന്നേൽപ് നാളിൽ ഇത്തരക്കാർക്ക് നിന്ദ്യത മാത്രമേ കൂട്ടിനുണ്ടാവൂ. അല്ലാഹുവിൽനിന്ന് യാതൊരു പരിഗണനയും അവർക്ക് ലഭിക്കുന്നതുമല്ല. നബി(സ) മറ്റൊരു സന്ദർഭത്തിൽ പറഞ്ഞു: 'മാതാക്കളെ ദ്രോഹിക്കുന്നതും അവകാശങ്ങൾ നിഷേധിക്കുന്നതും അനർഹമായത് ചോദിച്ച് വാങ്ങുന്നതും പെൺകുട്ടികളെ ജീവനോടെ കുഴിച്ചു മൂടുന്നതും അല്ലാഹു നിങ്ങൾക്ക് നിഷിദ്ധമാക്കിയിരിക്കുന്നു.'

വിശ്വാസികൾക്ക് മാതാപിതാക്കളോട് ധാരാളം കടമകൾ പൂർത്തീകരിക്കാനുണ്ട്. ദൈവധിക്കാരമല്ലാത്ത എല്ലാ കാര്യങ്ങളിലും അവരെ അനുസരിക്കാം. വാർധക്യകാലത്ത് അവരെ പരിചരിക്കുകയും അവകാശങ്ങൾ വകവെച്ചു കൊടുക്കുകയും വേണം. അവരെന്തെങ്കിലും ആവശ്യപ്പെട്ടാൽ വെറുപ്പോടെയാവരുത് നമ്മുടെ പ്രതികരണം. അല്ലാഹുവിന്റെ കോപവും ശിക്ഷയും വിളിച്ചു വരുത്തലാണത്. ഭാര്യയുടെയും മക്കളുടെയും മുന്നിൽവെച്ച് അവരെ തരംതാഴ്ത്തി സംസാരിക്കരുത്. മാതാപിതാക്കളേക്കാൾ ഭാര്യക്കും മക്കൾക്കും പരിഗണന നൽകുന്നതും ഒഴിവാക്കേണ്ടതാണ്.

ചെറുപ്പകാലത്ത് ഒട്ടുവളരെ പ്രയാസങ്ങൾ സഹിച്ച് നമ്മെ പോറ്റി വളർത്തിയ അവരെ ദ്രോഹിച്ചാൽ നമുക്കെങ്ങനെയാണ് അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കാൻ കഴിയുക. മാതാവ് നമുക്ക് വേണ്ടി എത്ര പ്രയാസപ്പെട്ടു! പത്ത് മാസം ഗർഭം ചുമന്നു, മുലയൂട്ടി. സ്വന്തം കാര്യത്തിലല്ല, നമ്മുടെ കാര്യത്തിലായിരുന്നു അവർക്ക് ശ്രദ്ധയും ജാഗ്രതയും. എന്നാലവർക്ക് പ്രായമായപ്പോൾ അവർ നമുക്കൊരു ഭാരമായാലോ? ഇതിനേക്കാൾ നിന്ദ്യകരമായി മറ്റെന്തുണ്ട്? അവരുടെ സ്നേഹ വാത്സല്യങ്ങൾക്ക് നാം പകരം നൽകുന്ന ഏറ്റവും കയ്പുറ്റ സമ്മാനമായിരിക്കുമത്. ബാല്യത്തിൽ നമുക്ക

വർ മധുരം സമ്മാനിച്ചിട്ടുണ്ടെങ്കിൽ വാർധക്യത്തിന്റെ കയ്പ്നീര് കുടിക്കുന്ന ഘട്ടത്തിൽ നാമവർക്ക് താങ്ങും തണലുമാവണം. അവരുടെ ആവശ്യങ്ങൾ കണ്ടറിയണം. അവരുടെ അവകാശങ്ങളിൽ അലംഭാവം കാണിക്കരുത്. ദീർഘകാലം നമ്മുടെ പരിചരണത്തിൽ അവർ ശ്രദ്ധാലുക്കളായത് പോലെ, അവരുടെ കാര്യത്തിൽ നമുക്കും ശ്രദ്ധയുണ്ടാവണം. അവർക്ക് വേണ്ടി ആത്മാർഥമായി പ്രാർഥിക്കണം.

നബി(സ) പറഞ്ഞു: 'അല്ലാഹുവിന്റെ പ്രീതി മാതാപിതാക്കളുടെ പ്രീതിയിലാണ്; അവന്റെ കോപം അവരുടെ കോപത്തിലും.'

മാതാപിതാക്കൾക്ക് നന്മ ചെയ്താൽ നിങ്ങളുടെ മക്കളും നിങ്ങൾക്ക് നന്മ ചെയ്യുമെന്നും നബി(സ) ഉണർത്തിയിട്ടുണ്ട്. ഇത്തരം കാര്യങ്ങളിലെ നമ്മുടെ അലംഭാവം അല്ലാഹുവിന്റെ കോപത്തിന് കാരണമാകുമെന്നതിനാൽ അതിൽ നിന്നൊക്കെ വിട്ടുനിൽക്കുക. മാതാപിതാക്കൾക്ക് വേണ്ടി ആത്മാർഥമായി പ്രാർഥിക്കുക. അല്ലാഹു നമ്മെ കാത്തു രക്ഷിക്കുമാറാകട്ടെ.

*(28/05/2010 ൽ മദീനയിലെമസ്ജിദുന്നബവിയിൽ നടത്തിയ ഖുത്ബയുടെ സംഗ്രഹം)*

തയാറാക്കിയത്: **ജലീൽ ആലത്തൂർ**